**M.E.S. ASMABI COLLEGE, P. VEMBALLUR**

**ENTREPRENEURSHIP DEVELOPMENT CLUB**

**DISTRICT LEVEL MEET ON CAMPUS INDUSTRIAL PARK**

സർ

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന പദ്ധതിയെ സംബന്ധിച്ച വിഷയങ്ങൾ കോളേജ് മാനേജ്മെന്റുകളുമായി ചർച്ച ചെയ്യുന്നതിന് സർക്കാരിന്റെ നിർദ്ദേശ പ്രകാരം അതാത് ജില്ലാ കളക്ടർമാർ ഒരു

യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2025 ഫെബ്രുവരി 28-ന് ഉച്ചക്ക് 12.30-ന് ആണ് ബഹു: ജില്ലാ കളക്ടർ, തൃശ്ശൂർ യോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

ആയതിനാൽ വിഷയവുമായി ബന്ധപ്പെട്ട് താങ്കളുടെ കോളേജിൽ ചുമതലപെടുത്തപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥരേയോ ടി യോഗം നിർബന്ധമായി പങ്കെടുപ്പിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

(ഒപ്പ്/-)

ജനറൽ മാനേജർ, ജില്ല വ്യവസായ കേന്ദ്രം, തൃശ്ശൂർ



കാമ്പസ് വ്യവസായ പാർക്ക് രൂപവത്കരണം സംബന്ധിച്ച് കലക്ടറേറ്റിൽ നടന്ന യോഗം

## കാമ്പസ് വ്യവസായ പാർക്ക്: കോളജ് പ്രതിനിധികളുടെ യോഗം ചേർന്നു

**തൃശൂർ:** കാമ്പസുകളിൽ വ്യവസായ പാർക്കുകൾ ആരംഭിച്ച് വിദ്യാർഥികളിൽ സംരംഭകത്വവും വ്യവസായ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കാൻ സംസ്ഥാന സർക്കാർ ഒരുക്കുന്ന 'കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്' പദ്ധതിയുമായി ബന്ധപ്പെട്ട് കലക്ടറേറ്റിൽ യോഗം ചേർന്നു. കലക്ടർ അർജുൻ പാണ്ഡ്യൻ, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ എസ്. ഷീബ എന്നിവർ നേതൃത്വം നൽകി.

പഠനത്തിനൊപ്പം ജോലിയും സംരംഭകത്വ പരിശീലനവും കോളജുകളിൽ ലഭ്യമാകുകയാണ് ലക്ഷ്യം.

ഉന്നത വിദ്യാഭ്യാസത്തിന് മറ്റ് രാജ്യങ്ങളെ ആശ്രയിക്കുന്ന വിദ്യാർഥികൾക്ക് കേരളത്തിൽതന്നെ കാര്യക്ഷമമായ അവസരം ഒരുക്കുന്നതും ലക്ഷ്യമാണ്.

കാമ്പസുകളിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം ഇതിന് പ്രയോജനപ്പെടുത്താം.

അഞ്ച് ഏക്കറിൽ കുറയാത്ത സ്ഥലത്താണ് പാർക്ക് ഒരുക്കുക. രണ്ട് ഏക്കർ വരുന്ന സ്ഥലങ്ങളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കും.

സർക്കാർ സഹായത്തോടെ പാർക്ക് ആരംഭിക്കാൻ ഒരു ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ ഒന്നര കോടി രൂപ വരെ സർക്കാർ ഗ്രാന്റ് നൽകും.

ജില്ലയിലെ 25 കാമ്പസുകളിൽനിന്നുള്ള പ്രതിനിധികൾ, വ്യവസായ കേന്ദ്രം മാനേജർ ആർ. സ്മിത, ജില്ല അസിസ്റ്റന്റ് ഇൻഡസ്ട്രിയൽ ഓഫിസർ പി.ആർ. മിനി, താലൂക്ക് ഇൻഡസ്ട്രിയൽ ഓഫിസർമാരായ സന്ധ്യ ആർ. ശരത്, സുനിത, ദീപ, സുധീഷ് ബോസ്, നവ്യ തുടങ്ങിയവർ പങ്കെടുത്തു.

The ED Club Coordinator represented MES Asmabi College in a meeting organized by the District Industries Centre (DIC), Thrissur, held at the District Collector's Cabin on 28th February, 2025. The meeting witnessed the participation of 25 campus representatives from various colleges across the district.

The objective of the meeting was to create awareness about the Kerala State Government's new initiative — the Campus Industrial Park. This initiative is aimed at utilizing the unused land available within higher education institutions to establish industrial parks. The program envisions a model where students can benefit from on-the-job training and gain industry experience within their own campus premises.

Through this initiative, students will not only gain practical exposure in their respective fields but will also have opportunities for placement in various industrial sectors. This approach is expected to bridge the gap between academia and industry, making students industry-ready by the time they graduate.

The meeting concluded with an interactive session where representatives shared suggestions and clarified their doubts regarding the implementation of the project.

Prepared by:

Ujjwala Navas

ED Club Coordinator